# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ബഡ്ജറ്റിൽ പ്രതീക്ഷിച്ച നികുതിവരവും സമാഹരിച്ച നികുതിയും

2314 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തെ എത്ര കോടി രൂപയുടെ ബഡ്ജറ്റ് ആണ് നിയമസഭ പാസാക്കിയത്; എത്ര ഇനങ്ങളിൽ ആയിട്ടാണ് വകയിരുത്തിയത്;

(ബി) പിന്നിട്ട സെപ്തംബർ 30 വരെ 6 മാസക്കാലത്തിനുള്ളിൽ ഓരോ വകുപ്പിലും നീക്കിവച്ച തുകയും, ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ; ഓരോ വകുപ്പും എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അസറ്റ് ക്രിയേഷൻ ഇനത്തിൽ എം.എൽ.എ. മാർക്ക് 5 കൊല്ലത്തിനുള്ളിൽ ചെലവഴിക്കുന്നതിലേയ്ക്കായി എത്ര തുക നീക്കിവച്ചു;

(ഡി) പ്രസ്തുത പദ്ധതി അനുസരിച്ച് ഇതിനകം എത്ര അസംബ്ലി മണ്ഡലങ്ങളിൽ എത്ര തുകയുടെ ഭരണാനുമതി നൽകുകയുണ്ടായി;

(ഇ) ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(എഫ്) 5 കോടി രൂപയിൽ അധികം ചെലവുവരുന്ന പദ്ധതികൾക്ക് പ്രത്യേകാനുമതി വേണമെന്ന് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിലുണ്ടോ; പ്രസ്തുത നിർദ്ദേശം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തും എന്ന് മനസിലാക്കി ഇടപെട്ടിട്ടുണ്ടോ; അതിന്റെ ഫലം എന്തെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ അലവൻസും ബോണസും തടഞ്ഞ നടപടി</u>

2315 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ അലവൻസും ബോണസും തടഞ്ഞ് വെച്ചിരിക്കുന്നത്മൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനേഴായിരത്തോളം വരുന്ന ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ അലവൻസും ബോണസും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിൽ നടപടി സ്വീകരിക്കുമോ;

(സി) ഇവർ നേരിടുന്നതായ പ്രശ്നങ്ങളും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ പദ്ധതി നിർവ്വഹണവും പദ്ധതി ചെലവുകളും സമയബന്ധിതമായി വിലയിരുത്തുവാൻ നിലവിലുള്ള സംവിധാനങ്ങൾ</u>

2316 ശ്രീ. മാത്യു. റ്റി തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പദ്ധതി നിർവ്വഹണവും പദ്ധതി ചെലവുകളും സമയബന്ധിതമായി വിലയിരുത്തുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) വാർഷിക പദ്ധതിയിൽ എത്ര ശതമാനം വരെ 2012 സെപ്തംബർ 30 നോടകം ചെലവാക്കിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(സി) ജലസേചനം, ശുദ്ധജലവിതരണം തുടങ്ങിയ വകുപ്പുകളിൽ 2011-2012 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രവർത്തികളിൽ വന്ന വീഴ്ചയെ പറ്റി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നിഗമനങ്ങളാണ് കണ്ടെത്തിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

'ധനമന്ത്രി കൺമുമ്പിൽ' പദ്ധതി

2317 ശ്രീ. ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ധനമന്ത്രി കൺമുമ്പിൽ' എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് ധനമന്ത്രിയുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തിൽ ഈ സംവിധാനത്തിന് വഹിക്കുവാൻ കഴിയുന്ന പങ്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

സാമ്പത്തിക അസമത്വം

2318 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
''പി. ഉബൈദുള്ള
''എൻ. ഷംസുദ്ദീൻ
''വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര, ഗ്രാമവാസികളിലെ സമ്പന്നരും, സാധാരണക്കാരും പ്രതിദിനം ചെലവഴിക്കുന്ന പണത്തിന്റെ തോതിലെ അന്തരം വളരെ വലുതാണെന്നും വർദ്ധിച്ചുവരികയാണെന്നുമുള്ള പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഭീമമായ അന്തരം ഉണ്ടാക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; അന്തരത്തിലെ വർദ്ധന കുറച്ചുകൊണ്ടുവരാൻ എന്തൊക്കെ പരിഹാരമാർഗ്ഗങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

12-ാം പഞ്ചവൽസര പദ്ധതിയും വൃദ്ധർക്ക് നൽകുന്ന മരുന്നിനുള്ള സബ്സിഡിയും

2319 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവൽസര പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സബ്സിഡി മാനദണ്ഡങ്ങളിൽ ജി.ഒ. (എം.എസ്) 229/12 തീയതി 25.08.2012 പ്രകാരം വൃദ്ധർക്ക് മരുന്നുകൾ നൽകുന്ന പദ്ധതിക്ക് സബ്സിഡി അനുവദനീയമല്ല എന്ന് പറഞ്ഞിരിക്കുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ മരുന്നുകൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഇതുമൂലം സാധിക്കാതെ വരുന്നു എന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) വാർദ്ധക്യത്തിൽ ഇത്തരം ആളുകൾക്ക് ലഭിച്ചിരുന്ന ആശ്വാസ പദ്ധതി തുടരുന്നതിന് നടപടികൾ സ്വീകരിക്കാമോ ;

(ഡി) എങ്കിൽ അതിനായി പ്രത്യേക ഉത്തരവിറക്കാമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>'ഗൃഹശ്രീ' ഭവന പദ്ധതി</u>

2320 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഗൃഹശ്രീ' ഭവന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയിലൂടെ നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക</u>

2321 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ ഇതേവരെ വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ അനുവദിക്കേണ്ട തുക എത്രയാണെന്ന് പറയുമോ;

(ഡി) സാമ്പത്തികവർഷം അവസാനിക്കുവാൻ മൂന്നുമാസം മാത്രം അവശേഷിക്കെ അനുവദിച്ച തുകനാമമാത്രമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന വസ്തുത ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും പദ്ധതി നടത്തിപ്പിനുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് പ്ലാനിൽ ഓരോ ജില്ലയിലെയും പ്രധാന മേഖലകൾക്കുള്ള അലോക്കേഷൻ</u>

2322 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പ്ലാനിൽ ഓരോ ജില്ലയിലെയും പ്രധാന മേഖലകൾക്ക് 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ അലോക്കേഷൻ എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷങ്ങളിൽ ഓരോ മേഖലയിലും ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലെ കണക്ക് നല്കാമോ;

(സി) ഓരോ വർഷത്തെയും ഫിസിക്കൽ അച്ചീവ്മെന്റ് എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം</u>

2323 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
''ഡൊമനിക് പ്രസന്റേഷൻ
''കെ. മുരളീധരൻ
''ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനസ്ഥിതി അപ്പപ്പോൾ അറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കോർ ഫൈനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതുകൊണ്ട് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സാമ്പത്തിക പ്രവർത്തനം എങ്ങനെയാണ് കാര്യക്ഷമമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി</u>

2324 ശ്രീ. ജോസഫ് വാഴക്കൻ
,, വി.ഡി സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ക്ഷേമ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഓൺലൈൻ പേമെന്റ് നടത്തുമ്പോൾ കമ്മീഷനും സർവ്വീസ് ചാർജ്ജും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

മണി ലെന്റേഴ്സ് ആക്ട്

2325 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1958-ലെ കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ അമിത പലിശ ഈടാക്കിയതിനും മറ്റുമായി എത്രയാളുകൾക്കെതിരെ കേസ്സെടുക്കുകയുണ്ടായി; വിശദമാക്കാമോ;

(ബി) നിലവിലുളള നിയമം അമിത പലിശ ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ല എന്ന് സർക്കാരിന് അഭിപ്രായമുണ്ടോ;

(സി) മണി ലെന്റേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവൃത്തിച്ച എത്രപേർ ഇപ്പോൾ ജയിലുകളിൽ കഴിയുന്നുണ്ട്; എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ടെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

പെരുമ്പാവൂരിലെ പി.കെ.വി സ്മാരകം, ഇരിങ്ങോൾകാവ്, നാഗഞ്ചേരിമന എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക നൽകുന്നതിനുള്ള നടപടി

2326 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും പുതുക്കിയ ബഡ്ജറ്റിൽ നിലനിർത്തുമെന്ന് ഉറപ്പു നൽകിയിരുന്നതുമായ പദ്ധതികൾക്ക് തുക വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പെരുമ്പാവൂരിലെ പി.കെ.വി സ്മാരകം, ഇരിങ്ങോൾകാവ്, നാഗഞ്ചേരിമന എന്നിവയ്ക്ക് 2011 ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഫണ്ട് അനുവദിക്കുന്നില്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഡി) പുല്ലുവഴി പി.കെ.വി സ്മാരക ട്രസ്റ്റിന്റെ ഗ്രാന്റിനായുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ

2327 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവിന്മേൽ സർക്കാർ നാളിതുവരെ എത്ര ഭേദഗതികൾ വരുത്തിയിട്ടുണ്ട് ; ഭേദഗതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ശമ്പള പരിഷ്ക്കരണ ഉത്തരവിന്മേൽ എത്ര അനോമലികൾ പരിഹരിച്ചു ; ഇനി എത്ര അനോമലികൾ പരിഹരിക്കാനുണ്ട് ;

(സി) അനോമലി പരിഹാര സെൽ നിർത്തലാക്കിയിട്ടുണ്ടോ ;ഉണ്ടെങ്കിൽ എന്നാണ് നിർത്തലാക്കിയത് ; നിർത്തലാക്കാനുള്ള കാരണം എന്താണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനോമലിയെ സംബന്ധിക്കുന്ന ശേഷിക്കുന്ന പരാതികൾ ഇപ്പോൾ ആരാണ് പരിഹരിക്കുന്നത് ;

(ഇ) അനോമലി പരിഹാര സെൽ എത്ര ക്ലാരിഫിക്കേഷനുകൾ, പുതിയ സ്കെയിലുകൾ, ഒമിഷൻസ്, ഇറേറ്റം എന്നിവ നടത്തിയിട്ടുണ്ട് ; ഇവയുടെ വേർതിരിച്ച ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) ലൈബ്രേറിയന്മാരുടെ ശമ്പളത്തിലുണ്ടായ അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് ലഭിച്ചത് ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ജി) ഒരേ അടിസ്ഥാന യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ലൈബ്രേറിയന്മാരിൽ ചില വകുപ്പുകൾക്ക് മാത്രം ശമ്പള തുല്യത നൽകുകയും മറ്റ് ചില വകുപ്പുകളിലെ ലൈബ്രേറിയന്മാർക്ക് ശമ്പള തുല്യത നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>എല്ലാ പ്രൊഫഷണൽ ഓഫീസർമാർക്കും ഒരേ തോതിൽ സമയബന്ധിത ഹയർ ഗ്രേഡ്</u>

2328 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9-ാം ശമ്പള പരിഷ്ക്കരണ ഉത്തരവിലെ കരിയർ അഡ്വാൻസ്മെന്റ് പദ്ധതിയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ ഓഫീസർമാരായ ആയുർവേദ-ഹോമിയോ-വെറ്റിനറി ഡോക്ടർമാർ, കൃഷി ഓഫീസർ, ഡയറി ഓഫീസർ തുടങ്ങിയവർക്ക് രണ്ടാമത്തെ ഹയർ ഗ്രേഡ് അനുവദിക്കുന്നവേളയിൽ 12100/- രൂപ കുറവായിട്ടാണ് നിശ്ചയിച്ചിരുന്നതെന്നകാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എഞ്ചിനീയർമാർക്ക് ഈ കുറവ് സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ അനീതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പ്രൊഫഷണൽ ഓഫീസർമാർക്കും ഒരേ തോതിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അനോമലി പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ പ്രൊമോഷൻ ശ്രേണിക്കു തുല്യമായി ആയുർവേദ ഹോമിയോ വെറ്റിനറി ഡോക്ടർമാരുടേയും കൃഷി, ഡയറി ഓഫീസർമാരുടേയും പ്രൊമോഷൻ ശ്രേണി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; എഞ്ചിനീയർമാർക്ക് രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡിന് അനുവദിച്ച സ്കെയിൽ മറ്റു വിഭാഗങ്ങൾക്കും അനുവദിക്കാൻ നടപടി എടുക്കുമോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പെന്‍ഷന്‍കാര്‍ക്കുള്ള ചികിത്സാ ആനുകൂല്യങ്ങള്‍</u>

2329 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍വ്വീസ് പെന്‍ഷന്‍കാര്‍ക്ക് ചികിത്സക്കായി നല്‍കിവരുന്ന ആനുകൂല്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശം നല്‍കുമോ ;

(ബി) പെന്‍ഷന്‍കാര്‍ക്ക് വേണ്ടി സമഗ്ര സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ശമ്പളം, പെൻഷൻ, പലിശയിനങ്ങളിലെ ചെലവ്</u>

2330 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 നവംബർ 30 ന് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണ്; ഇവരുടെ ശമ്പളയിനത്തിൽ മാത്രം 2012 നവംബർ മാസത്തിലെ ചെലവ് എത്രയായിരുന്നു; ഇത് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2012 നവംബർ 30 ന് സംസ്ഥാന പെൻഷൻകാരുടെ എണ്ണം എത്രയാണ്; ഇവരുടെ പെൻഷൻ ഇനത്തിൽ മാത്രം 2012 നവംബർ മാസത്തിലെ ചെലവ് എത്ര രൂപയാണ്; ഇത് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനം ഒരു വർഷം പലിശയിനത്തിൽ എത്ര രൂപയാണ് ചെലവാക്കുന്നത്; ഇത് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ്;

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

2331

ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ സംസ്ഥാന സർക്കാരിന് ഉണ്ടാവുന്ന അധിക ബാധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കേസുകൾ</u>

2332

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരും അധ്യാപകരും സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള തീർപ്പാകാത്ത കേസുകളുടെ എണ്ണം എത്രയെന്നറിയിക്കുമോ;

(ബി) അദാലത്തുകൾ നടത്തിയും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വഴിയും കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആവശ്യമെങ്കിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സർവ്വീസ് പ്രശ്നങ്ങളിലെ കോടതി വിധികൾ മൂലം ഉണ്ടായ അധിക സാമ്പത്തിക ബാദ്ധ്യതയുടെ വിശദവിവരം അറിയിക്കുമോ;

(ഇ) കേസുകൾ പരമാവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് നൽകി വരുന്ന ആർജിത അവധി</u>

2333 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് ആർജിത അവധി 1/15 എന്ന നിരക്കിലാണോ നൽകിവരുന്നത്;

(ബി) മറ്റു വകുപ്പുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് ആർജിത അവധി 1/11 നിരക്കിൽ ലഭിക്കുമ്പോൾ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർമാർക്കും 1/11 നിരക്കിൽ ആർജിത അവധി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പെൻഷൻകാർക്ക് അർഹമായ ആനുകൂല്യം</u>

2334 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻ വാങ്ങികൊണ്ടിരിക്കുന്നവർക്ക് 18.4.2006-ലെ 180/06/ധന. ഉത്തരവിലെ ഖണ്ഡിക 3.4ഉം ഷെഡ്യൂൾ ഒന്ന് പ്രകാരവും അവരുടെ സർവ്വീസ് ദൈർഘ്യമനുസരിച്ച് നൽകിയിരുന്ന ഫിക്സേഷൻ 28.2.2011-ലെ 87/11/ധന. ഉത്തരവിൽ നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം പെൻഷൻകാർക്ക് ഉണ്ടായിരിക്കുന്ന നഷ്ടം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ വിഷയത്തെക്കുറിച്ച് പെൻഷൻകാരുടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പെൻഷൻകാർക്ക് അർഹമായ ഈ ആനുകൂല്യം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ഫാമിലി ബനഫിറ്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം

2335 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിന്ന് ചീഫ് സെക്യൂരിറ്റി ഓഫീസറായി 2006-ൽ സർവ്വീസിൽ നിന്നും പിരിഞ്ഞ എം.എ. ബഷീറിന്റെ ഫാമിലി ബനഫിറ്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം അദ്ദേഹത്തിന്റെ മരണ ശേഷവും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബക്ഷേമ പദ്ധതിത്തുക, കുടുംബനാഥന്റെ മരണ ശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും കുടുംബത്തിന് ലഭിക്കാത്ത സാഹചര്യം പരിശോധിച്ച് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി തുക എത്രയും വേഗത്തിൽ കുടുംബത്തിന് ലഭ്യമാക്കാൻ അടിയന്തിര നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മുഴുവന്‍ ഭൂരഹിതര്‍ക്കും വീട് നല്‍കുന്നതിനുള്ള പദ്ധതി</u>

2336 ശ്രീ. ബെന്നി ബെഹനാന്‍
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആര്‍. സെല്‍വരാജ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മുഴുവന്‍ ഭൂരഹിതര്‍ക്കും വീട് നല്‍കുക എന്നതു ലക്ഷ്യമാക്കിയുള്ള പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) നിശ്ചിത ഭൂമി സ്വന്തമായുള്ള വീടില്ലാത്ത ദുര്‍ബല വിഭാഗക്കാര്‍ക്ക് വീട് നിര്‍മ്മിക്കുവാന്‍ എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവര്‍ക്ക് സബ്സിഡിയോടെ ഭവന വായ്പ നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കേരള ബില്‍ഡിംഗ് ബില്‍ 2012

2337 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ബില്‍ഡിംഗ് ബില്‍ 2012 ന്റെ കരട് ബില്ലില്‍ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ബില്ലിലെ പല നിര്‍ദ്ദേശങ്ങളും വാടകക്കാരായ കച്ചവടക്കാരെ പ്രതികൂലമായി ബാധിക്കുന്നവയാണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനും, നിലവിലുള്ള അവകാശങ്ങള്‍ നിലനിര്‍ത്തുന്നതിനും വേണ്ടി എന്തെല്ലാം തരത്തിലുള്ള ഭേദഗതികളാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജീവനക്കാരുടെ ശമ്പളം</u>

T 2338 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം യഥാസമയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പള തീയതിക്കുതന്നെ ഇവർക്കും ശമ്പളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാർക്ക് 01-02-2004 ന് മുമ്പ് അനുവദിച്ച ഭവന വായ്പയുടെ പലിശ

2339 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകളിൽ നിന്ന് സർക്കാർ ജീവനക്കാർക്ക് 01-02-2004 ന് മുൻപ് അനുവദിച്ച ഭവനവായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കാൻ ഉത്തരവായതെന്ന് വെളിപ്പെടുത്താമോ; ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ നിർദ്ദേശിച്ചതിൽ കൂടുതൽ പലിശ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അമിത പലിശ ഈടാക്കുന്ന ഈ ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

2012-13 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2340 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കേണ്ടതെന്നും ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കപ്പെട്ടതെന്നും അറിയിക്കുമോ;

(സി) 2011-12 ലെ ബഡ്ജറ്റിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കപ്പെട്ടത് എത്ര; ചെലവഴിക്കപ്പെടാത്തത് എത്ര; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച തുക

2341 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പദ്ധതി നിർവ്വഹണത്തിന് എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ വകുപ്പുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

വാർഷിക പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, തനതു പദ്ധതി എന്നിവയിൽ നിന്നും ചെലവഴിക്കപ്പെട്ട തുക

2342 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ വാർഷിക പദ്ധതിയിൽ നിന്നും നാളിതുവരെ ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ തനതുപദ്ധതികൾ എന്നിവയിൽ നിന്നും ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ നിയമ വിരുദ്ധമായ നിയമനം

2343 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ
ഇപ്പോൾ ജോലിനോക്കിവരുന്ന ആരെങ്കിലും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കി വരവെ സർക്കാരിന്റെ അനുമതിയില്ലാതെ, അനധികൃതമായി സംസ്ഥാനത്തിന് പുറത്ത് റെഗുലറായി നിയമബിരുദത്തിനു പഠിക്കുകയും അതേ സമയം സംസ്ഥാന ഖജനാവിൽ നിന്നും ശമ്പളം പറ്റുകയും ചെയ്തിട്ടുണ്ടോ ; അങ്ങനെയെങ്കിൽ നിയമ വിരുദ്ധമായി നേടിയ ഈ ബിരുദം ഉപയോഗിച്ച് ടിയാൾക്ക് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ നിയമനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ; നടപടി വൈകിപ്പിക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം വ്യക്തമാക്കാമോ ;

(സി) സർക്കാരിനെ കബളിപ്പിച്ച് ഒരേസമയം സംസ്ഥാനത്തിനു പുറത്ത് റെഗുലർ വിദ്യഭ്യാസവും സർക്കാരിന്റെ ഖജനാവിൽ നിന്ന് ശമ്പളം കൈപ്പറ്റലും നടത്തി ക്രിമിനൽ സ്വഭാവമുള്ള കുറ്റകൃത്യം ചെയ്ത ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചോ ; സമർപ്പിച്ചെങ്കിൽ എത്ര നാളായി ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ യാത്രക്കായി ചെലവഴിച്ച തുക</u>

2344 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ മന്ത്രിമാരുടെ വിദേശയാത്രക്കായി നാളിതുവരെ ചെലവഴിച്ച ആകെ തുക എത്രയാണെന്നു വ്യക്തമാക്കുമോ; ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് ആരാണെന്നും വിനിയോഗിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സാഫല്യം പദ്ധതിയുടെ രണ്ടാംഘട്ടപ്രവർത്തനം</u>

2345 ശ്രീ. എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) രണ്ടാം ഘട്ടത്തിൽ എത്ര ഫ്ളാറ്റുകളും ഒറ്റവീടുകളുമാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വീടില്ലാത്തവർക്ക് സബ്സിഡിയോടെ വായ്പകൾ നൽകുവാനുള്ള സൗകര്യം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) സബ്സിഡി നൽകുന്നതിനുള്ള അർഹതയും തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>സാഫല്യം ഭവന പദ്ധതി</u>

2346 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഫല്യം ഭവനപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ എത്ര വീടുകൾ നിർമ്മാണത്തിലിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി നിലവിലിരിക്കെ മറ്റൊരു പദ്ധതി പ്രഖ്യാപിക്കുകവഴി നിലവിലുള്ള പദ്ധതിയിലെ ഗുണഭോക്താക്കൾക്കുണ്ടായ ആശങ്ക പരിഹരിക്കുമോ;

(എഫ്) ഇ.എം.എസ്. ഭവന പദ്ധതി നിർത്തലാക്കാനുള്ള സാഹചര്യം വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ ബോർഡ് ഭവനവായ്പാ ഇനത്തിൽ ചെലവഴിച്ച തുക</u>

2347 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പ് സാമ്പത്തികവർഷം ഭവനവായ്പാ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഹൗസിംഗ് ബോർഡ് നവീകരിക്കാൻ നടപടി

2348 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന് കീഴിൽ നഗരപ്രദേശങ്ങളിൽ കൂടുതൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹൗസിംഗ് ബോർഡിനെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താൽപര്യങ്ങൾ</u>

2349 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്, വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരെ വഞ്ചിക്കുന്നവർക്ക് എന്തല്ലാം ശിക്ഷാനടപടികളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ്</u>

2350 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ വ്യാപാര പ്രാധാന്യമുള്ള സ്ഥലത്ത് മൾട്ടി പർപ്പസ് ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 26 വർഷങ്ങൾക്ക് മുമ്പ് ചാലക്കുടിയിൽ ആരംഭിച്ച കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്ക് ഇനിയും തീറാധാരം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആധാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>വോൾവോ ബസ്സുകളിലെ ചരക്കു കടത്തൽ</u>

2351 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന സർവ്വീസുകൾ നടത്തുന്ന വോൾവോ ബസ്സുകളിലും ആഡംബര ബസ്സുകളിലും ചരക്കുകൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എല്ലാ ചെക്ക് പോസ്റ്റുകളിലും സ്കാനർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) വോൾവോ ബസ്സുകൾ പരിശോധിക്കുന്നതിന് വാണിജ്യ നികുതി വകുപ്പിനെ എങ്ങനെ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ ചിട്ടി

2352 ശ്രീ. ആര്‍. സെല്‍വരാജ്
,, ഷാഫി പറമ്പില്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ 'വിദ്യാഭ്യാസ ചിട്ടി' ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ക്ലാസ്സുകളില്‍ പഠിക്കുന്ന കുട്ടികളെയാണ് പ്രസ്തുത ചിട്ടിയില്‍ പങ്കെടുപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുമുഖേന എന്തെല്ലാം പ്രയോജനങ്ങളാണ് വിദ്യാര്‍ത്ഥികള്‍ക്ക് ലഭിക്കുന്നത് ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ടും കെട്ടിടനിർമ്മാണ വിഭാഗവും</u>

2353 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സമർപ്പിച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ കെട്ടിടനിർമ്മാണ വിഭാഗത്തിൽപ്പെട്ടവയ്ക്ക് ഇനിയും ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കലവറ-കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം</u>

2354 ശ്രീ. വി. പി. സജീന്ദ്രൻ
''പാലോട് രവി
''ആർ. സെൽവരാജ്
''വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലവറയിലൂടെ എന്തെല്ലാം കെട്ടിട നിർമ്മാണ സാമഗ്രികളാണ് നൽകി വരുന്നത്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കുറഞ്ഞ വിലയ്ക്ക് ഇത്തരം സാമഗ്രികൾ ആർക്കൊക്കെയാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണ സാമഗ്രികൾ എ. പി. എൽ. കുടുംബങ്ങൾക്ക് നൽകുന്നകാര്യം പരിഗണനയിലുണ്ടോ;വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കലവറ പദ്ധതി</u>

2355 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് കെട്ടിടനിർമ്മാണ സാധനങ്ങൾ വിൽക്കുന്ന 'കലവറ' ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്;

